## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 348 26-06-2012-ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിലും സ്പോർട്സ് ഡയറക്ടറേറ്റും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.രാജേഷ്** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഡയറക്ടറേറ്റ് എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) & (ബി) | സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഡയറക്ടറേറ്റ് എന്നിവയുടെ പ്രവർത്തനം വിലയിരുത്തി സംസ്ഥാനത്തിന്റെ കായിക മേഖലയുടെ സുസ്ഥിര വികസനത്തിന് സജ്ജമാകുംവിധം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള കരട് കായിക നയത്തിൽ വിശദമാക്കിയിട്ടുണ്ട്. കരട് നയം അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | സ്പോർട്സ് വികസനത്തിനായി മെച്ചപ്പെട്ട പ്രവർത്തനം നടത്തുവാൻ കഴിയുംവിധം പ്രസ്തുത സ്ഥാപനങ്ങളെ സജ്ജമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | | |
| (സി) | നിലവിലുള്ള പരിശീലകരുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ ; മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി) | ഓരോ വർഷവും പരിശീലകരുടെ കീഴിലുള്ള കായിക താരങ്ങൾ വിവിധ മത്സരങ്ങളിൽ കൈവരിക്കുന്ന മികവിനെ അടിസ്ഥാനമാക്കിയാണ് പരിശീലകരുടെ കാര്യക്ഷമത വിലയിരുത്തുന്നത്. കരട് കായിക നയത്തിൽ പരിശീകരുടെ കാര്യക്ഷമതയും പരിശീലന സമ്പ്രദായങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കരട് കായികനയം അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് ഇവ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും പരിശീലകരുടെ കാര്യക്ഷമത, കായിക ഇനത്തിലുള്ള പരിജ്ഞാനം ഇവ വർദ്ധിപ്പിക്കുന്നതിന് കായിക |

ഇനത്തിലും പരിശീലന മുറയിലുമുള്ള പരിജ്ഞാനവും പുതിയ പരിശീലനരീതികളും മനസ്സിലാക്കുന്നതിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച് റിഫ്രഷർ കോഴ്സുകൾ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ